# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ഓഗസ്റ്റ് 8

# വാർത്താക്കുറിപ്പ്

---

## പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല ഇന്ന് (ഓഗസ്റ്റ് 9) നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചതായി വൈസ് ചാൻസലർ അറിയിച്ചു.

(പി.ആർ.ഒ./39/1491/2019)

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ ഇന്ന് (ഓഗസ്റ്റ് 9) നടത്താനിരുന്ന എം.എഡ്. (2017-19 ബാച്ച്) വൈവാവോസി, എം.എഡ്. (2018-20 ബാച്ച്) രണ്ടാം സെമസ്റ്റർ പരീക്ഷ മാറ്റി. വിശദവിവരത്തിന് ഫോൺ: 0481-2731042.

(പി.ആർ.ഒ./39/1492/2019)

## പുതുക്കിയ പരീക്ഷ തീയതി

ഓഗസ്റ്റ് 12, 13 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന പത്താം സെമസ്റ്റർ ബി.ആർക് (റഗുലർ/സപ്ലിമെന്ററി) ജൂൺ 2019 പരീക്ഷയുടെ തീസിസ് മൂല്യനിർണയവും വൈവാവോസിയും ഓഗസ്റ്റ് 16, 17, 19, 20 തീയതികളിലേക്ക് മാറ്റി. ഓഗസ്റ്റ് 13 വരെ തീസിസ് സമർപ്പിക്കാം.

(പി.ആർ.ഒ./39/1493/2019)

സെപ്തംബർ രണ്ടിന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി/2017ന് മുമ്പുള്ള അഡ്മിഷൻ പ്രൈവറ്റ് രജിസ്‌ട്രേഷൻ) ബി.എ. ഇസ്ലാമിക് ഹിസ്റ്ററി (കോംപ്ലിമെന്ററി പേപ്പർ - ഹിസ്റ്ററി - ട്രാൻസിഷൻ ടു ദി കണ്ടംപററി വേൾഡ് (കോമൺ വിത്ത് ബി.എ. സോഷ്യോളജി, ബി.എ. പൊളിറ്റിക്കൽ സയൻസ്) പരീക്ഷ സെപ്തംബർ ആറിന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

(പി.ആർ.ഒ./39/1494/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ഐ.എം.സി.എ. (2017 അഡ്മിഷൻ റഗുലർ), ഡി.ഡി.എം.സി.എ. (2014-2016 അഡ്മിഷൻ സപ്ലിമെന്ററി) ജൂലൈ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് 20 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1495/2019)

2019 ഓഗസ്റ്റിൽ നടക്കുന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. കെമിസ്ട്രി റഗുലർ/സപ്ലിമെന്ററി (എല്ലാ ബ്രാഞ്ചും) പരീക്ഷയുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് 16 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1496/2019)

## പരീക്ഷ തീയതി

രണ്ടാം വർഷ ബി.എസ്‌സി. നഴ്‌സിംഗ് സപ്ലിമെന്ററി (2016 അഡ്മിഷൻ മുതൽ) പരീക്ഷകൾ ഓഗസ്റ്റ് 27 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഓഗസ്റ്റ് 13 വരെയും 500 രൂപ പിഴയോടെ 14 വരെയും 1000 രൂപ സൂപ്പർഫൈനോടെ 16 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ

പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1497/2019)

## വോക്-ഇൻ-ഇന്റർവ്യൂ 14ന്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ കരാറടിസ്ഥാനത്തിൽ (താത്ക്കാലികം) കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ് തസ്തികയിലേക്ക് നിയമിക്കുന്നതിനായി ഓഗസ്റ്റ് 14ന് വോക്-ഇൻ-ഇന്റർവ്യൂ നടക്കും. ഒരൊഴിവാണുള്ളത്. ഒരു വർഷമാണ് കാലാവധി. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2733303.

(പി.ആർ.ഒ./39/1498/2019)

## പരീക്ഷഫലം

2019 മെയിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ്, പൊളിറ്റിക്സ് (പബ്ലിക് പോളിസി ആന്റ് ഗവേണൻസ്) സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1499/2019)

## സാമൂഹിക ശാസ്ത്രത്തിലെ അന്തർവൈജ്ഞാനിക ഗവേഷണം; എം.ജി.യിൽ പ്രഭാഷണ പരമ്പര

സോഷ്യൽ സയൻസിലെ അന്തർവൈജ്ഞാനിക ഗവേഷണത്തെക്കുറിച്ച് മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷൻ സംഘടിപ്പിക്കുന്ന പ്രഭാഷണ പരമ്പര ഓഗസ്റ്റ് 13, 14 തീയതികളിൽ നടക്കും.

ഓഗസ്റ്റ് 13ന് സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് സെമിനാർ ഹാളിൽ രാവിലെ 10ന് 'ദി ഐഡിയ ഓഫ് ഇന്റർ ഡിസിപ്ലിനാരിറ്റി', 'പ്രോബ്ലംസ് ഇൻ സോഷ്യൽ തിയറൈസിംഗ്' എന്നീ വിഷയങ്ങളിൽ പ്രൊഫ. നിസാർ അഹമ്മദ് പ്രഭാഷണം നടത്തും.

ഓഗസ്റ്റ് 14ന് രാവിലെ 10ന് സ്കൂൾ ഓഫ് ലെറ്റേഴ്സിലെ സെമിനാർ ഹാളിൽ 'തിയറി, മെതേഡ് ആന്റ് റിസർച്ച്' എന്ന വിഷയത്തിലും പ്രഭാഷണം നടക്കും.

(പി.ആർ.ഒ./39/1500/2019)

## മെറ്റീരിയൽ സയൻസ് രാജ്യാന്തര സമ്മേളനത്തിന് ഇന്ന് എം.ജി.യിൽ തുടക്കം

അഡ്വാൻസ്ഡ് മെറ്റീരിയലുകളുമായി ബന്ധപ്പെട്ട് മെറ്റീരിയൽ സയൻസിലെ നൂതന കണ്ടെത്തലുകളും ഭാവി സാധ്യതകളും ചർച്ച ചെയ്യുന്ന ത്രിദിന രാജ്യാന്തര സമ്മേളനത്തിന് ഇന്ന് (ഓഗസ്റ്റ് 9) മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടക്കമാകും. മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

രാവിലെ ഒൻപതിന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. ബീജിംഗിലെ യൂണിവേഴ്സിറ്റി ഓഫ് കെമിക്കൽ ടെക്നോളജി, പോളണ്ടിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി എന്നിവയുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്.

അഡ്വാൻസ്ഡ് പോളിമർ മെറ്റീരിയലുകൾ, സെറാമിക്, സെമി കണ്ടക്ടർ മെറ്റീരിയൽസ്, ഫോട്ടോവോൾട്ടെയ്ക്സ്, പോളിമർ നാനോ കമ്പോസിറ്റ്സ്, പോളിമർ പവർ എൻജിനീയറിംഗ്, പ്രോസസിംഗ് ഓഫ് അഡ്വാൻസ്ഡ് പോളിമർ സിസ്റ്റം തുടങ്ങി വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടക്കും. പോസ്റ്റർ പ്രദർശനവും മത്സരവും ഇതോടനുബന്ധിച്ച് നടക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറിലധികം ഗവേഷകർ പങ്കെടുക്കും.

(പി.ആർ.ഒ./39/1501/2019)

## ഹരിത നിയമങ്ങളെക്കുറിച്ച് എൻ.എസ്.എസ്.

## പ്രോഗ്രാം ഓഫീസർമാർക്ക് ഏകദിന പരിശീലനം

ഹരിതകേരള മിഷന്റെയും നാഷണൽ സർവീസ് സ്കീം സംസ്ഥാന സെല്ലിന്റെയും ആഭിമുഖ്യത്തിൽ 'ഹരിതനിയമങ്ങൾ എന്ത്, എങ്ങനെ' എന്ന വിഷയത്തിൽ സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്ക് ഏകദിന പരിശീലനം നൽകി.

മഹാത്മാ ഗാന്ധി സർവകലാശാല ലൈഫ് ലോംഗ് ലേണിംഗ് പഠനവകുപ്പിലെ ഓഡിറ്റോറിയത്തിൽ നടന്ന പരിശീലനം എൻ.എസ്.എസ്. സംസ്ഥാന ഓഫീസർ പ്രൊഫ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്തു. എം.ജി. സർവകലാശാല എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു അധ്യക്ഷത വഹിച്ചു. കില കൺസൾട്ടന്റ് എൻ. ജഗജീവൻ, ടി.പി. സുധാകരൻ, ടെക്നിക്കൽ ഓഫീസർ വി. രാജേന്ദ്രൻ നായർ എന്നിവർ ക്ലാസെടുത്തു. ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ പി. രമേശ്, കില ട്രെയിനിംഗ് അസോസിയേറ്റ് സി. പ്രദീപ് എന്നിവർ നേതൃത്വം നൽകി.

## ഫോട്ടോ ക്യാപ്ഷൻ

**ഹരിത കേരളം മിഷന്റെയും എൻ.എസ്.എസ്. സംസ്ഥാന സെല്ലിന്റെയും ആഭിമുഖ്യത്തിൽ പ്രോഗ്രാം ഓഫീസർമാർക്കുവേണ്ടി നടത്തിയ ഏകദിന പരിശീലന പരിപാടി മഹാത്മാഗാന്ധി സർവകലാശാല രജിസ്ട്രാറും സംസ്ഥാന എൻ.എസ്.എസ്. ഓഫീസറുമായ പ്രൊഫ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/1502/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ